# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.4745/എസ്/22/ന്യൂ.ക്ഷേ.ഡ. തീയതി. 09.11.2022

ഡയറക്ടർ

പ്രിൻസിപ്പാൾ/കോ-ഓർഡിനേറ്റർ

സർ,

വിഷയം:- ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്-യുജിസി/സിഎസ്ഐആർ/നെറ്റ് പരീക്ഷ പരിശീലനം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് താങ്കളുടെ കോളേജിനെ താങ്കളുടെ അപേക്ഷ പരിഗണിച്ച് തിരഞ്ഞെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

- 2022-23 അദ്ധ്യയന വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷ പരിശീലനത്തിന് മുൻകൂട്ടി നിശ്ചയിച്ച പ്രകാരം വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി 2022 നവംബർ 10 മുതൽ നവംബർ 21 തീയതി വരെ അപേക്ഷിക്കാവുന്നതാണ്.
- ടി അപേക്ഷ ഫോമും, വിജ്ഞാപനവും വകുപ്പ് വെബ് സൈറ്റിൽ (www.minoritywelfare.kerala.gov.in) ലഭ്യമാണ്.
- ടി പരിശീലന പദ്ധതിയുടെ പ്രയോജനം കൂടുതൽ വിദ്യാർത്ഥികൾക്ക് എത്തിക്കുന്നതിനായി പ്രാദേശിക ദിനപത്രങ്ങൾ/മറ്റു ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള വിവരം സദയം അറിയിച്ചു കൊള്ളുന്നു.
- താങ്കളുടെ കോളേജ് കേന്ദ്രീകരിച്ചു ഇപ്രകാരം ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്ന വിവരവും ആയതിലേയ്ക്ക് താല്പര്യമുള്ള അർഹരായ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കോളേജ് തലത്തിൽ സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ടും താലൂക്കിലെ മറ്റു സർക്കാർ/എയ്ഡഡ് കോളേജുകളുടെ

പ്രിൻസിപ്പൾമാർക്ക് കത്ത്/ഇ-മെയിൽ വഴി സന്ദേശം നൽകണമെന്നും താത്പര്യ-പ്പെടുന്നു.

❖ ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി 0471-2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

അപേക്ഷ ഫോം, വിജ്ഞാപനം, സമ്മതപത്രം, നിർദ്ദേശങ്ങൾ എന്നിവ പകർപ്പായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഡയറക്ടർ**